(ബി) പുരോഗമിച്ചിട്ടുണ്ട്. കാലതാമസം ഉണ്ടായിട്ടില്ല.

(സി) 3/2001 ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഈ പദ്ധതികൊണ്ട് 45 ആദിവാസി കോളനികളിൽ ശുദ്ധജലം എത്തിക്കാൻ കഴിയും. അതിനുവേണ്ട പണികൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പണി പ്രാരംഭ ദിശയിലാണ്. പമ്പിംഗ് മെയിൻ ഏകദേശം ഇട്ടു കഴിഞ്ഞു. ഈ പദ്ധതിയുടെ കിണറിന്റെയും ഗ്രൗണ്ട്വെൽ ടാങ്കിന്റെയും ടെണ്ടർ പരിശോധനയിലാണ്. അതിന്റെ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതനുസരിച്ച് ആദിവാസി കോളനികളിൽ ശുദ്ധജലം ലഭ്യമാകും.

അകലകുന്നം, കൊഴുവനാൽ, മുത്തോലി പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതി

69 (1980) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അകലകുന്നം, കൊഴുവനാൽ, മുത്തോലി പഞ്ചായത്തുകൾക്ക് വേണ്ടി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതി എപ്പോൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) അകലകുന്നം പഞ്ചായത്തിൽ ശുദ്ധജലം ഈ പദ്ധതിയിൽ നിന്നും വിതരണം ചെയ്യുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) അകലകുന്നം പഞ്ചായത്തിൽ ഈ പദ്ധതിയിൽ നിന്നും ശുദ്ധജലം എപ്പോൾ മുതൽ വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി, 1999 മാർച്ചിൽ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന എട്ടോളം വാർഡുകളിൽ 12/1999 ഓടുകൂടി ശുദ്ധ ജലമെത്തിക്കുവാനുള്ള പണികൾ നടന്നു വരുന്നു.

(ബി) അകലകുന്നം പഞ്ചായത്തിൽ ഭാഗികമായി ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്, വളരെ വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയ പദ്ധതിയായതിനാൽ അവിടേയ്ക്കുള്ള പമ്പിംഗ് മെയിനും, ഡിസ്ട്രിബ്യൂഷൻ ലെയിനും ഇടയ്ക്കിടെ പൊട്ടുന്നതുമൂലം ജലവിതരണം തടസ്സപ്പെടാറുണ്ട്. തുടർന്നുള്ള പണികളും ഇതു കാരണം തടസ്സപ്പെടുന്നുണ്ട്.

(സി) 12/1999 ഓടുകൂടി ശുദ്ധജലം സാധാരണ രീതിയിൽ വിതരണം നടത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly